**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1469** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യനീതിയും പശ്ചാത്തല സൗകര്യ വികസനവും</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
| --- | --- |
| ശ്രീ. പി. പ്രസാദ് | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. മുഹമ്മദ് മുഹസിൻ | (മുഖ്യമന്ത്രി) |
| ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ | |
| ശ്രീ. ജി. ആർ. അനിൽ | |

**(എ)** സാമൂഹ്യനീതിയും പശ്ചാത്തല സൗകര്യ വികസനവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്ന വികസന കാഴ്ചപ്പാടിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾ മെച്ചപ്പെടുത്തുന്നതിനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, വയോജനങ്ങളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനും പിന്നോക്കാവസ്ഥയിലുള്ളവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് സാമൂഹ്യനീതിയോടു കൂടിയ സാമ്പത്തിക വളർച്ചയും പാരിസ്ഥിതിക ഉത്തരവാദിത്തത്തോടുകൂടിയ ആധുനിക അടിസ്ഥാന സൗകര്യ വികസനവും സമന്വയിപ്പിക്കുന്ന വികസന കാഴ്ചപ്പാടാണ് ഈ സർക്കാർ വിഭാവനം ചെയ്യുന്നത്.

**(ബി)** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖമുൾപ്പെടെ പശ്ചാത്തല സൗകര്യ വികസന മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പുതിയൊരു വളർച്ചാ തരംഗം സൃഷ്ടിക്കുമോ ; വിശദമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിന്റെ 600 കിലോമീറ്റർ തീരദേശം, രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങൾ, ഒരു കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ, 17 നോൺ മേജർ തുറമുഖങ്ങൾ മറ്റനേകം ജലസ്രോതസ്സുകൾ തുടങ്ങിയ സാധ്യതകൾ സംയോജിപ്പിച്ച് അഞ്ചുവർഷത്തിനുള്ളിൽ കേരളത്തെ ലോക മാരിടൈം ഭൂപടത്തിൽ വൻ ശക്തിയായി ഉയർത്തുന്നതിനുള്ള പദ്ധതിയായ "മിഷൻ സമുദ്ര" നടപ്പിലാക്കുമെന്ന് 2026-27-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

കേരളത്തെ ഒരു പോർട്ട് സിറ്റിയായി വിഭാവനം ചെയ്ത് റോഡ്, സമുദ്രം, റെയിൽ, ഉൾനാടൻ ജലപാതകൾ, നിർമ്മാണ മേഖലകൾ, ഗ്രീൻഫീൽഡ് സിറ്റി എന്നിവയെല്ലാം ബന്ധിപ്പിച്ചുകൊണ്ടുള്ള മാരിടൈം സമ്പദ് വ്യവസ്ഥയിലേക്ക് കേരളത്തെ മാറ്റുന്നതിനും, വിഴിഞ്ഞം ട്രാൻസ്ഷിപ്മെൻ്റ് ടെർമിനലിനെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ഗതാഗത ബന്ധം മെച്ചപ്പെടുത്തുന്നതിനുമായുമുള്ള വിവിധ പ്രവർത്തനങ്ങൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വിഴിഞ്ഞം, കൊച്ചി തുറമുഖങ്ങൾക്ക് ചുറ്റും നിർമ്മാണ മേഖലകൾ, സ്റ്റഫിങ് സെന്ററുകൾ, ഡ്രൈ പോർട്ട് എന്നിവ ആരംഭിക്കുന്നതിനും ആഗോള ഷിപ്പിംഗ് വ്യവസായം ഹരിത ഇന്ധനങ്ങളിലേക്ക് മാറിയ അവസരം പ്രയോജനപ്പെടുത്തി, ഗ്രീൻ ബങ്കറിംഗ് സേവനം നൽകുന്ന ഇന്ത്യയിലെ ആദ്യ തുറമുഖമായി വിഴിഞ്ഞത്തെ ഉയർത്തുന്നതിനും മദർഷിപ്പ് നിർമ്മാണം, അവയുടെ അറ്റകുറ്റപ്പണി എന്നിവ ലക്ഷ്യമാക്കി കപ്പൽ നിർമ്മാണ കേന്ദ്രം സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ നിർണ്ണായകമായ നാല് പ്രധാന നോൺ മേജർ തുറമുഖങ്ങളായ വിഴിഞ്ഞം-കോവളം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവയുടെ വികസനത്തിനായും, കടൽ വഴിയുള്ള ചരക്ക് ഗതാഗതത്തിനും, മറ്റ് തുറമുഖ അധിഷ്ഠിത വ്യവസായങ്ങൾക്കും, ലോജിസ്റ്റിക്സ്, കപ്പൽ അനുബന്ധ പ്രവർത്തനങ്ങൾക്കും, മറ്റ് 13 നോൺ മേജർ തുറമുഖങ്ങളിലെ തുറമുഖ ഭൂമികൾ, കെട്ടിടങ്ങൾ, മറ്റ് ആസ്തികൾ പ്രയോജനപ്പെടുത്തി സ്വകാര്യ പങ്കാളിത്തത്തോടെ മാരിടൈം ടൂറിസം, ലോജിസ്റ്റിക്സ്, മാരിടൈം വ്യവസായം, മാരിടൈം നിയമ വിദ്യാഭ്യാസം, മാരിടൈം മ്യൂസിയം എന്നിവ ഉൾപ്പെടുന്ന കേരള മാരിടൈം പോളിസി രൂപീകരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. വൻകിട-ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് ഘട്ടംഘട്ടമായി ജലഗതാഗത സംവിധാനം വികസിപ്പിക്കുന്നതിനും ആദ്യഘട്ടത്തിൽ കാര്യക്ഷമമായ ചരക്ക് ഗതാഗതം, തുടർന്ന് യാത്രാ സേവനങ്ങൾ, അവസാന ഘട്ടത്തിൽ ജലാശയങ്ങളെ ബന്ധിപ്പിച്ച് ഏകീകൃത നെറ്റ്‌വർക്ക് എന്നിവ സ്ഥാപിക്കുന്നതിനും ബജറ്റിൽ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയെല്ലാം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പുതിയൊരു വളർച്ചാ തരംഗം സൃഷ്ടിക്കുന്നതിന് ഉതകുന്നതാണ്.

**(സി)** സംസ്ഥാനത്തിന് ലഭിക്കുന്ന കേന്ദ്ര നികുതി വിഹിതം കുറഞ്ഞു വരുന്ന വിഷയം പതിനാറാം ധനകാര്യ കമ്മീഷന്റെയും കേന്ദ്ര സർക്കാരിന്റെയും മുൻപിൽ ഉന്നയിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പതിനാറാം ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിച്ച വേളയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അടങ്ങിയ വിശദമായ മെമ്മോറാണ്ടം

കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്നു. സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കുള്ള State Specific Grant അനുവദിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ സപ്ലിമെന്ററി മെമ്മോറാണ്ടമായും നൽകിയിരുന്നു. GST നിരക്കുകളിൽ കേന്ദ്രസർക്കാർ വരുത്തിയ പരിഷ്കരണം മൂലം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിനായി 2025 സെപ്റ്റംബർ മാസം മറ്റൊരു സപ്ലിമെന്ററി മെമ്മോറാണ്ടവും സമർപ്പിച്ചിരുന്നു. 2026 ഫെബ്രുവരി 1-ന് കേന്ദ്രസർക്കാർ അവതരിപ്പിച്ച 2026-27-ലെ കേന്ദ്രബജറ്റിനോടൊപ്പം പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടും പ്രസിദ്ധീകരിക്കുകയുണ്ടായി. പതിനാറാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ കേന്ദ്രനികുതി വിഹിതം 2.382 ശതമാനമായാണ് നിശ്ചയിച്ചിരിക്കുന്നത്.

**(ഡി)** പതിനാറാം ധനകാര്യ കമ്മീഷന്റെ മുന്നിൽ സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെ കൂടി ചേർത്തുകൊണ്ട് അഭിപ്രായ രൂപീകരണം നടത്തുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് കേരളം നേതൃത്വം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**